ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്സ്തൊഴിലാളികൾ 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഇരുപതോ, അതിലധികമോ, തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 1952-ലെ പ്രോവിഡന്റ് ഫണ്ട് നിയമപ്രകാരം നടപ്പിലാക്കിയിട്ടുള്ള പെൻഷനും അർഹതയുണ്ട്. ഈ വ്യവസായത്തിൽ ഭൂരിഭാഗവും സ്ത്രീത്തൊഴിലാളികളാണ്. ഇവർക്ക് 1961-ലെ മെറ്റേർണിറ്റി ബനിഫിറ്റ് നിയമപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. ഇവർ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, തൊഴിലാളികളുടെ എണ്ണമനുസരിച്ച് ഫാക്ടറീസ് ആക്ട് തുടങ്ങി നിലവിലുള്ള തൊഴിൽനിയമങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നവരാണ്.

(സി) ഇല്ല. ഉദിക്കുന്നില്ല.

(ഡി)&(ഇ) 3-11-1994-ലെ സർക്കാർ ഉത്തരവ് (സാധാരണ)നം.2566/94/തൊഴിൽ പ്രകാരം ഇവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇന്നു നിലവിലുള്ള കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബനിഫിറ്റ് സ്കീം പരിഷ്കരിച്ച് ഒരു ക്ഷേമനിധി നിയമമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത ക്ഷേമനിധിയിൽ പ്രസ്സ് തൊഴിലാളികളെയും ഉൾപ്പെടുത്തുന്നതാണ്.

65 (3529) ചുമട്ടുതൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിൽമേഖലകളിൽ ലേബർ ഓഫീസറുടെ 'ഐഡന്റിറ്റി' കാർഡോടുകൂടി ജോലി നോക്കുന്ന 'ലോഡിംഗ് ആന്റ് അൺ ലോഡിംഗ്' തൊഴിലാളികൾക്കുകൂടി ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) കായംകുളം പട്ടണത്തിലെ ഐഡന്റിറ്റി കാർഡുള്ള ചുമട്ടുതൊഴിലാളികൾ എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളാണോ;

(സി) അല്ലെങ്കിൽ അംഗങ്ങൾ ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ, തൊഴിൽമേഖലകളിൽ ചട്ടം 26(എ) അനുസരിച്ച് രജിസ്ട്രേഷനും കാർഡും നൽകപ്പെട്ട തൊഴിലാളികൾക്കുവേണ്ടി 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ്) ക്ഷേമപദ്ധതി 4.5.1999-ലെ ജി.ഒ (പി) നമ്പർ 56/99/തൊഴിൽപ്രകാരം എസ്.ആർ.ഒ. നമ്പർ 386/99 ആയി 4.5.1999 ലെ 889-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു.

(ബി) അല്ല

(സി) സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly